# എൻഡോസൾഫാൻ : ശ്രവണ പരിശോധനാ ക്യാമ്പ് തുടങ്ങി

കാസർകോട്: എൻഡോസൾഫാൻ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ശ്രവണ സഹായി വിതരണം ചെയ്യുന്നതിന്റെ മുന്നോടിയായി ചെർക്കള സ്പീച്ച് ആന്റ് ഹിയറിംഗ് കോളേജിൽ പരിശോധനാ ക്യാമ്പ് തുടങ്ങി.

എൻമകജെ, അജാനൂർ, കയ്യൂർചീമേനി, പുല്ലൂർപെരിയ പഞ്ചായത്തുകളിലെ കുട്ടികളും മുതിർന്നവരുമടക്കം ഇരുപതോളം പേരെയാണ് ആദ്യദിവസം ഓഡിയോഗ്രാഫി ടെസ്റ്റിന് വിധേയരാക്കിയത്. കള്ളാർ, പനത്തടി പഞ്ചായത്തിനായി ഇന്നും (മാർച്ച് മൂന്ന്), കാറഡുക്ക, മുളിയാർ പഞ്ചായത്തിനായി യഥാക്രമം 5, 6 തീയതികളിലും കുമ്പടാജെ, ബദിയടുക്ക, ബെള്ളൂർ പഞ്ചായത്തിൽ രോഗം ബാധിച്ചവർക്കായി ഏഴിനും പരിശോധന തുടരും.

സ്പീച്ച് ആന്റ് ഹിയറിംഗ് സ്പെഷ്യലിസ്റ്റുകളുടെ വിശദമായ പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലായിരിക്കും ശ്രവണ സഹായികൾ നൽകുക.

മാർത്തോമാ കോളേജിലെ ബാച്ചിലർ ഓഫ് ഓഡിയോഗ്രാഫി ആന്റ് സ്പീച്ച് ലാംഗേജ് പത്തോളജി കോഴ്സിന്റെ ഡോക്ടർമാരുടേയും ലാബ് സജ്ജീകരണങ്ങളുടേയും സഹായത്താലാണ് പരിശോധന നടക്കുന്നത്. ഓഡിയോളജിസ്റ്റുകളായ ഡോ. സന്ധ്യ, ലക്ഷ്മി, അഖിലേഷ് എന്നിവരും ധനുജോസ്, ലിജിമാത്യു, ജിനി മാത്യു എന്നിവരും നേതൃത്വം നൽകി.

ഹെൽത്ത് ഇൻസ്പെക്ടർമാരായ ബിനോയ് ജോസ്, സുരേഷ്, ബാബു, ബൈജു എന്നിവരാണ് രോഗികളെ ക്യാമ്പിലെത്തിച്ചത്.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എം. വി. ബാലകൃഷ്ണൻ മാസ്റ്റർ, മാർത്തോമാ സ്കൂൾ ആന്റ് കോളേജ് മാനേജർ ഫാ. മത്തായി ജോസഫ്, പ്രിൻസിപ്പൽ കെ.വി.ശ്രീധർ, ഹെഡ്മാസ്റ്റർ സഖറിയ തോമസ് തുടങ്ങിയവർ ക്യാമ്പ് സന്ദർശിച്ചു.